"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - കുട്ടനാട് തകഴി ഡി ബി എച്ച് എസിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ പി ഹരിശങ്കറിന്റെ നിയമനാംഗീകാരം - റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.3981/2026/GEDN തീയതി,തിരുവനന്തപുരം, 16-06-2026

---

പരാമർശം:- 1. കോർപ്പറേറ്റ് മാനേജരുടെ 26.03.2026 തീയതിയിലെ അപ്പീൽ ഹർജി.

2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 23.05.2026 തീയതിയിലെ DGE/7106/2026-EC1 നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

കുട്ടനാട് തകഴി ഡി ബി എച്ച് എസിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ പി ഹരിശങ്കറിന്റെ ടി തസ്തികയിലെ നിയമനം 24/09/2021 മുതൽ അംഗീകരിച്ച് നൽകണമെന്നാവശ്യപ്പെട്ട് കോർപ്പറേറ്റ് മാനേജർ പരാമർശം (1) പ്രകാരം അപ്പീൽ ഹർജി സമർപ്പിച്ചിരുന്നു.

2. ഈ വിഷയം സംബന്ധിച്ച് പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു. കുട്ടനാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അധികാര പരിധിയിൽ വരുന്ന തകഴി ഡി ബി എച്ച് എസ് എസിലെ ഓഫീസ് അറ്റൻഡന്റ് ആയിരുന്ന ശ്രീ രാജേഷ് കുമാറിനെ തിരുവല്ല ഡി ബി എച്ച് എസ് എസിലേക്ക് സ്ഥലംമാറ്റിയ ഒഴിവിൽ മാനേജർ ശ്രീ പി ഹരിശങ്കറിനെ 24/09/2021 മുതൽ സ്ഥാനക്കയറ്റം നൽകി നിയമിച്ചു. എന്നാൽ പ്രസ്തുത നിയമനം തിരുവിതാംകൂർ ദേവസ്വം ബോർഡ് മാനേജ്മെന്റിന് കീഴിൽ 24/09/2021 മുതൽ ഓഫീസ് അറ്റൻഡന്റ് ആയി സ്ഥാനക്കയറ്റം ലഭിക്കാൻ യോഗ്യതയുള്ള ഫുൾ ടൈം മീനിയൽമാരുടെ പൊതുവിദ്യാഭ്യാസ ഡയറക്ടർ അംഗീകരിച്ച സീനിയോറിറ്റി ലിസ്റ്റ് സമർപ്പിച്ചിട്ടില്ല എന്ന കാരണത്താൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ച് നൽകിയിരുന്നു. എന്നാൽ ഇതിനെതിരെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ സമർപ്പിച്ച റിവിഷൻ അപ്പീൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് മാനേജ്മെന്റിന് കീഴിൽ ഫുൾ ടൈം മീനിയൽ തസ്തികയിൽ ജോലി ചെയ്യുന്നവരുടെ 01/01/2019 മുതലുള്ള പൊതുവിദ്യാഭ്യാസ ഡയറക്ടർ അംഗീകരിച്ച സീനിയോറിറ്റി ലിസ്റ്റിൽ ശ്രീ പി ഹരിശങ്കർ ഉൾപ്പെട്ടിട്ടില്ല, കാരണം ശ്രീ പി ഹരിശങ്കറിന്റെ 21/11/2017 മുതലുള്ള എഫ് ടി എം നിയമനം 08/07/2021 ൽ മാത്രമാണ് അംഗീകരിച്ച് നൽകിയത് എന്ന് മാനേജർ ഹർജിയിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും, ടി മാനേജ്മെന്റിൽ സ്ഥാനക്കയറ്റത്തിന് അർഹതയുള്ള സീനിയർ ചട്ടം 43 അവകാശികളുടെ ലിസ്റ്റ് റിവിഷൻ അപ്പീലിനോടൊപ്പം മാനേജർ സമർപ്പിച്ചിട്ടില്ല, എന്നീ കാരണങ്ങളാൽ ശ്രീ പി

ഹരിശങ്കറിന്റെ 24/09/2021 മുതലുള്ള സ്ഥാനക്കയറ്റ നിയമനം നിരസിച്ചു നൽകിയിരുന്നു. എന്നാൽ നിലവിൽ മാനേജർ സർക്കാരിൽ സമർപ്പിച്ച റിവിഷൻ അപ്പീലിനോടൊപ്പം ടി മാനേജ്മെന്റിൽ സ്ഥാനക്കയറ്റത്തിന് അർഹതയുള്ള സീനിയർ ചട്ടം 43 അവകാശികളുടെ ലിസ്റ്റ് സമർപ്പിച്ചിട്ടുണ്ട്. ആയതിനാൽ മാനേജർ സമർപ്പിച്ചിരിക്കുന്ന സീനിയർ ചട്ടം 43 അവകാശികളുടെ ലിസ്റ്റ് പരിശോധിച്ച്, മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ തകഴി ഡി ബി എച്ച് എസ് എസിലെ ഓഫീസ് അറ്റൻഡന്റ് ആയുള്ള ശ്രീ പി ഹരിശങ്കറിന്റെ 24/09/2021 മുതലുള്ള സ്ഥാനക്കയറ്റ നിയമനം പരിഗണിക്കാൻ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സർക്കാർ നിർദ്ദേശം ആവശ്യമാണ് എന്നും, തിരുവിതാകൂർ ദേവസ്വം ബോർഡിൽ, 01.01.2021 പ്രാബല്യത്തിലുള്ള അംഗീകൃത സീനിയോറിറ്റി പട്ടിക നിലവിലില്ല എന്നും ശ്രദ്ധയിൽപ്പെടുത്തുന്നു. മാനേജർ ഹർജിയോടൊപ്പം സമർപ്പിച്ചിരിക്കുന്ന സാക്ഷ്യപത്രത്തോടൊപ്പം ഉള്ള ലിസ്റ്റ് പൂർണ്ണമാണോ എന്ന് വ്യക്തമല്ല. മാത്രമല്ല, സീനിയോറിറ്റി ലിസ്റ്റ് ഇല്ലാതെ സ്ഥാനക്കയറ്റ നിയമനം അംഗീകരിക്കുന്നത്, ഭാവിയിൽ തർക്കത്തിന് ഇടയാകാനും സാധ്യതയുണ്ട് എന്നീ വിവരങ്ങൾ പൊതു വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഈ വിഷയം സമർപ്പിക്കപ്പെട്ട രേഖകളുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകളുടെയും നിലവിലുള്ള നിയമങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. മാനേജർ ഹർജിയോടൊപ്പം സമർപ്പിച്ചിരിക്കുന്ന സാക്ഷ്യപത്രത്തോടൊപ്പം ഉള്ള സ്ഥാനക്കയറ്റത്തിന് അർഹതയുള്ള സീനിയർ ചട്ടം 43 അവകാശികളുടെ ലിസ്റ്റ്, സീനിയോറിറ്റി ലിസ്റ്റ് എന്നിവ പൂർണ്ണമാണോ എന്ന് വ്യക്തമല്ല എന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്ന സാഹചര്യത്തിൽ കുട്ടനാട് തകഴി ഡി ബി എച്ച് എസിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ പി ഹരിശങ്കറിന്റെ ടി തസ്തികയിലെ നിയമനം 24/09/2021 മുതൽ അംഗീകരിച്ച് നൽകണമെന്ന ആവശ്യം നിരസിച്ച്, അപ്രകാരം മാനേജർ സർക്കാരിൽ സമർപ്പിച്ച അപ്പീൽ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അപ്സര ടി ടി
അണ്ടർ സെക്രട്ടറി

കോർപ്പറേറ്റ് മാനേജർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്, ഡി ബി എച്ച് എസ്, തകഴി, കുട്ടനാട്, ആലപ്പുഴ.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി (S2/78/2026-G.EDN)

ഉത്തരവിൻ പ്രകാരം
Signed by
Alex G C
സെക്ഷൻ ഓഫീസർ
Date: 17-06-2026 14:47:29